ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നുമില്ല. അതു പ്ലാനിങ്ങ് കമ്മീഷന്റെ കാര്യത്തെപ്പറ്റി ആലോചിക്കാൻവേണ്ടി കാൺഗ്രസ് പ്രസിഡണ്ടു വിളിച്ചുകൂട്ടിയ യോഗമായിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ കാലത്തു ബഹു. ചീഫ് മിനിസ്റ്റർ കൊച്ചിയിൽ പോയിരുന്നതു ദേവസ്വം ബോർഡ് എലക്ഷനു മുമ്പാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ദേവസ്വം ബോർഡ് എലക്ഷനു മുമ്പാണോ എന്നു് നിശ്ചയമില്ല. ഏതായാലും ഞാൻ കൊച്ചിയിൽ പോയതു ദേവസ്വം ബോർഡ് എലക്ഷൻ സംബന്ധിച്ചല്ല എന്നു് വ്യക്തമാക്കിക്കൊള്ളുന്നു.

ശ്രീ. എ. താണുപിള്ള: കാൺഗ്രസ് പ്രസിഡണ്ടിനു് സംസ്ഥാനങ്ങളിലെ ചീഫ്മിനിസ്റ്റരന്മാരുടെ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടാനുള്ള അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചീഫ് മിനിസ്റ്റരന്മാരുടെ ഒരു കാൺഫറൻസായിരുന്നില്ല അതു്. ചീഫ് മിനിസ്റ്റരന്മാരായിരിക്കുന്ന കാൺഗ്രസ്സുകാരുടെ ഒരു യോഗമായിരുന്നു അതു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഇവിടത്തെ ചീഫ് മിനിസ്റ്റർ ഒരു കോൺഗ്രസ്സുകാരൻ അല്ലാത്തതുകൊണ്ടാണോ ആ യോഗത്തിനു പോകാതിരുന്നതു്. (ചിരി).

വയസ്സുതിരുത്തൽ

*൪൨൪. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

വയസ്സുതിരുത്തലിനെ സംബന്ധിച്ചും കള്ളവയസ്സു കൊടുത്തതിനെ സംബന്ധിച്ചും ആരുടേയെങ്കിലും പേരിൽ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ അന്വേഷണമൊന്നും നടക്കുന്നില്ല.

ശ്രീ. പി. കെ. കുമാരനാശാരി: സർജൻജനറലിന്റെ വയസ്സിനെ സംബന്ധിച്ചു് നവമ്പ്മെന്റിനു് എന്തെങ്കിലും ആക്ഷേപം കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കിട്ടിയിട്ടുള്ളതായി ഓർമ്മിക്കുന്നില്ല.

ശ്രീ. കെ. എ. മാത്യു: വയസ്സുതിരുത്തലിനെ സംബന്ധിച്ചു നടപടി എടുത്തിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെ കാര്യത്തിൽ ഇൻഡ്യാഗവമ്മെന്റിൽ നിന്നും എന്തെങ്കിലും കമ്മ്യൂണിക്കേഷൻ കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കിട്ടിയിരിക്കാം.

ശ്രീ. കെ. എ. മാത്യു: അതിന്മേൽ എന്തു നടപടിയാണു് ഈ ഗവമ്മെന്റിൽനിന്നും എടുത്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് ഇൻഡ്യാഗവമ്മെന്റിലേക്കു് മറുപടി അയച്ചുകൊടുത്തിട്ടുണ്ടു്.

Sri. P. Balakrishnan Tampi: Sir, on a point of order. How far such hypothetical answers should be useful to this House? If the question is whether an answer is received, the Minister concerned should say whether it has been received or not. If it is not received action must have been taken. That sort of answer

LIBRARY ARCHIVES Kerala Legislative Assembly

should be helpful to the House. Otherwise there is no meaning in putting a question.

ശ്രീ. ടി. കെ. നാരായണപിള്ള: ചിലരെ സംബന്ധിച്ചു് ഇൻഡ്യാ ഗവ ൺമെണ്ടിൽനിന്നും കമ്മീഷനർ കിട്ടിയിട്ടുണ്ടു് എന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. എ. മാത്യു: ഞാൻ ചോദിച്ചതു് ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും ഇതിനെപ്പറ്റി എന്തെങ്കിലും കമ്മീഷനർ ഈ ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ എന്നാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചിലരെ സംബന്ധിച്ചു് കിട്ടിയിട്ടുണ്ടെന്നാണു് ഞാൻ അതിനു നേരത്തെ പറഞ്ഞ ഉത്തരം. അങ്ങിനെ കിട്ടിയിട്ടുള്ള കമ്മീഷനർ മറുപടിയും അയച്ചുകൊടുത്തിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: വയസ്സു തിരുത്തലിനെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തുന്നതു് ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആദ്യമായി അന്വേഷണങ്ങൾ നടത്തുന്നതു പോലീസു് ഡിപ്പാർട്ടുമെണ്ടിൽനിന്നാണു്. പോലീസു് ഡിപ്പാർട്ടുമെണ്ടിന്റെ റിപ്പോർട്ടു വന്നതിനുശേഷം ഗവൺമെണ്ടിൽനിന്നും അതു പരിശോധിക്കും. അതിനുശേഷം ആ ഉദ്യോഗസ്ഥനോടു് നേരിട്ടു സമാധാനം ആവശ്യപ്പെടും.

ശ്രീ. വി. കെ. വഞ്ചീസു്: വയസ്സു തിരുത്തിയ പോലീസു് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു കേസുകളും പോലീസുഡിപ്പാർട്ടുമെണ്ടു മുഖേനയാണോ അന്വേഷണം നടത്തിയതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതേ.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: വയസ്സു തിരുത്തലിനെ സംബന്ധിച്ചു് ചില ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടത്തിയിട്ടുള്ള നടപടികൾ പകുതിയാക്കി അവസാനിപ്പിച്ചുകളയുന്നതിനു് വല്ല കാരണവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഒരു നടപടിയും പകുതിയാക്കി അവസാനിപ്പിച്ചു കളഞ്ഞിട്ടില്ല.

ശ്രീ. എൻ. പി. വഞ്ചീസ്സു്: ഇതിനെസംബന്ധിച്ചു് അന്വേഷണം നടത്തുന്നതിനുള്ള അധികാരം പോലീസ്സു് ഡിപ്പാർട്ടുമെണ്ടിനു കൊടുക്കാതെ പബ്ലിക്കു് സർവ്വീസു് കമ്മീഷനു വിടാൻ വല്ല തടസ്സവുമുണ്ടോ?

മിസ്റ്റർ സ്പീക്കർ: അതൊരു ചോദ്യമല്ല; ഗവൺമെണ്ടിനെ അറിയിക്കുന്ന ഒരു അഭിപ്രായമാണു്.

ശ്രീ. എ. താണുപിള്ള: വയസ്സു് തിരുത്തലിനെ സംബന്ധിച്ചുള്ള കേസുകൾ ജൂഡീഷ്യൽ ഉദ്യോഗസ്ഥന്മാരെ സ്പെഷ്യലാഫീസറന്മാരായി നിയമിച്ചു് അന്വേഷണം നടത്താവുന്നതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയും ചില അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: അങ്ങിനെ എത്ര ആളുകളുടെ കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. ഗോപാലപ്പണിക്കരുടെ പേരിലുള്ള ചാർജ്ജുകളിൽ വയസ്സുതിരുത്തലും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. അതു് ഇങ്ങനെ ഒരു ജൂഡീഷ്യൽ സ്പെഷ്യലാഫീസർ മുഖാന്തിരമാണു് അന്വേഷണം നടത്തിയിട്ടുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലാണ് ഇൻഡ്യാഗവണ്മെണ്ടിൽനിന്നും കമ്മീഷണർക്കേഷൻ കിട്ടിയിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: ചിലരുടെ കാര്യത്തിൽ ഇൻഡ്യാഗവണ്മെണ്ടിൽനിന്നും എഴുതിവന്നിട്ടുണ്ട്. അതു ആരുടെയെല്ലാം കാര്യത്തിലാണെന്ന ഇപ്പോൾ പറയാൻ നിവർത്തിയില്ല.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: വയസ്സു തിരുത്തലിനെ സംബന്ധിച്ചു നടപടികളെടുത്തിട്ടുള്ള പല ഉദ്യോഗസ്ഥന്മാരോടും രേഖാമൂലമായി സമാധാനം ചോദിച്ചിട്ടില്ല എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: പലരോടും രേഖാമൂലം സമാധാനം ചോദിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ. പലരോടും ചോദിച്ചിട്ടില്ല എന്നു പറയുന്നതു പരമാർത്ഥമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ പരമാർത്ഥമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. പി. ഉദയഭാനു: വയസ്സുതിരുത്തലിനെ സംബന്ധിച്ചു നടപടികളിൽ ഇൻഡ്യാ ഗവണ്മെണ്ടിനു് ഇടപെടാനുള്ള അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില ഉദ്യോഗസ്ഥന്മാർ ഇൻഡ്യാ ഗവണ്മെണ്ടിലേക്കു് പരാതി അയച്ചതിന്റെ ഫലമായി ഇൻഡ്യാഗവണ്മെണ്ടിൽനിന്നും അതിനെപ്പറ്റി ഇങ്ങോട്ടു എഴുതുകയാണു് ഉണ്ടായതു്.

Question No.(10) was not put.

പ്രസംഗാനുവാദഉത്തരവു്

*൪൩൪. (൧൧) ശ്രീ. വി. കെ. വർഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) സർക്കാർ ഉദ്യോഗസ്ഥന്മാർ ഗവണ്മെണ്ടനുവാദം കൂടാതെ പൊതുയോഗങ്ങളിൽ പ്രസംഗിക്കരുതെന്നു ഗവണ്മെണ്ടുത്തരവുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ ഉത്തരവു് ഉൗജ്ജിതത്തിൽ ഇരിക്കുകയാണോ?

ചീഫ് മിസ്റ്റനിർ (ശ്രീ. ടി. കെ. നാരായണപിള്ള.)

(എ) ഉണ്ടു്. ഗവണ്മെണ്ടു് സർവന്റ്സ് കാൺഡക്ടു് റൂൾസ് ൫൫-൫൯ വരെയുള്ള ചട്ടങ്ങൾക്കു വിപരീതമായി അവർക്കു് പ്രസംഗിക്കാൻ പാടില്ല.

(ബി) ഇപ്പോഴും ഉൗജ്ജിതത്തിലിരിക്കുകയാണു്.

ശ്രീ. വി. കെ. വർഗ്ഗീസ്: ഗവണ്മെണ്ടു് ഉദ്യോഗസ്ഥന്മാരാരും പൊതുയോഗങ്ങളിൽ പ്രസംഗിച്ചുകൂടെന്നു ഗവണ്മെണ്ടു് ഇപ്പോൾ പ്രത്യേകം സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: മുൻപേതന്നെ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടു്. ഇപ്പോഴും അതു നിലവിലിരിക്കുന്നു.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ റൂളുകളേയും സർക്കുലറുകളേയും ലംഘിച്ചു് ഇതുവരെ ആരെങ്കിലും പ്രസംഗിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ പ്രസംഗിച്ചിട്ടുള്ളതായി ഗവണ്മെണ്ടു ശ്രദ്ധയിൽ പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly